**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 33** **23-01-2025 - ൽ മറുപടിയ്ക്ക്**

**കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഇന്ത്യയിൽ തന്നെ മാതൃകയായി ഏറ്റവും കൂടുതൽ പേർക്ക് നിയമനം നൽകിയ സ്ഥാപനമായി കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ മാറി എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | വ്യവസ്ഥാപിതവും കാര്യക്ഷമവുമായ പ്രവർത്തനത്തിലൂടെ രാജ്യത്തിനാകെ മാതൃകയായി മാറാൻ കേരള പബ്ലിക് സർവീസ് കമ്മീഷന് കഴിഞ്ഞിട്ടുണ്ട്. യൂണിയൻ പബ്ലിക് സർവീസ് കമ്മീഷൻ പ്രസിദ്ധീകരിച്ച ന്യൂസ് ലെറ്ററിലെ വിവരങ്ങൾ പ്രകാരം രാജ്യത്ത് ഏറ്റവും കൂടുതൽ നിയമന ശിപാർശ നൽകിയത് കേരള പി.എസ്.സി. ആണ്. കൂടുതൽ സ്ഥാപനങ്ങളെ പി.എസ്.സി യുടെ നിയമന പരിധിയിൽ കൊണ്ടുവരുകയും സ്പെഷ്യൽ റൂൾ രൂപീകരണം വേഗത്തിലാക്കിയും പുതിയ തസ്തികകൾ സൃഷ്ടിച്ചും ഒഴിവുകൾ പൂർണ്ണമായും യഥാസമയം റിപ്പോർട്ട് ചെയ്യുമാണ് റെക്കോർഡ് നിയമനങ്ങൾ നടത്താനായത്. പരീക്ഷാ നടത്തിപ്പും റാങ്ക് ലിസ്റ്റുകളുടെ പ്രസിദ്ധീകരണവും വേഗത്തിലാക്കി. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നത് മുതൽ നിയമന ശിപാർശ നൽകുന്നത് വരെ ഓൺലൈനിലാക്കിയതിലൂടെ നിയമനനടപടികൾ വേഗത്തിലും സുതാര്യമായും നടത്താൻ കഴിഞ്ഞിട്ടുണ്ട്. |
| (ബി) | 2016 ജൂൺ മുതൽ 2024 ഡിസംബർ വരെ കേരളത്തിൽ പി. എസ്.സി. മുഖേന എത്ര പേർക്കാണ് നിയമനം നൽകിയിട്ടുള്ളത്; വിശദമാക്കാമോ? | (ബി) | **2,68,691** നിയമന ശിപാർശകൾ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ